നം.11003/ഇ1/2022/കെ.എസ്.എച്ച്.ഒ 08/02/2023

# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) – ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലേയ്ക്കുള്ള ഡെപ്യൂട്ടേഷൻ നിയമനങ്ങൾ

## വിജ്ഞാപനം

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ)യിലെ വിവിധ ജില്ലാ മിഷനുകളിൽ ഒഴിവുള്ള **ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികകളിലേയ്ക്ക് ഡെപ്യൂട്ടേഷൻ** വ്യവസ്ഥയിൽ നിയമനം നൽകുന്നതിനായി **യോഗ്യരായ കേന്ദ്ര-സംസ്ഥാന സർക്കാർ/ അർദ്ധസർക്കാർ ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.**

യോഗ്യതയുള്ള ജീവനക്കാർ ചട്ടപ്രകാരം അവരുടെ മാതൃവകുപ്പിൽ നിന്നുള്ള എൻ.ഒ.സി സഹിതം അപേക്ഷിക്കേണ്ടതാണ്. ജീവനക്കാർ പ്രൊഫോർമ പൂരിപ്പിച്ച് നൽകുമ്പോൾ നിർബന്ധമായും ഫോൺ നമ്പരും ഇ-മെയിൽ ഐ.ഡി.യും ഉൾക്കൊള്ളിക്കേണ്ടതാണ്.

1. **ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ**

   **ഒഴിവുകളുടെ എണ്ണം : ആകെ – 5**

   (ഇടുക്കി, പത്തനംതിട്ട, തൃശൂർ, കോഴിക്കോട്, കാസറഗോഡ്)

   **ശമ്പള സ്കെയിൽ : 59300–120900** (അംഗീകൃത ശമ്പള സ്കെയിലിന് മുകളിലുള്ള ജീവനക്കാർ അപേക്ഷിക്കേണ്ടതില്ല).

   **യോഗ്യത :**

   - അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ബിരുദം ഉള്ളവരായിരിക്കണം. ബിരുദാനന്തര ബിരുദം നേടിയവർക്ക് മുൻഗണന.
   - സർക്കാർ / അർദ്ധസർക്കാർ/ കേന്ദ്രസർക്കാർ സർവ്വീസിലോ ചുരുങ്ങിയത് 10 വർഷത്തെ പ്രവൃത്തിപരിചയം ഉണ്ടാകണം. നിലവിൽ സർക്കാർ സർവ്വീസിൽ സേവനമനുഷ്ഠിക്കുന്നവരായിരിക്കണം.

- കംപ്യൂട്ടറിൽ പ്രായോഗിക പരിജ്ഞാനം ഉണ്ടായിരിക്കണം. ഇംഗ്ലീഷിൽ അവതരണം നടത്താനും, മികച്ച ഡ്രാഫ്റ്റിംഗ് നടത്താനുമുള്ള സ്കിൽ ഉണ്ടായിരിക്കണം.
- അപേക്ഷകർ 01/01/2023 ന് 50 വയസ്സിന് താഴെയുള്ളവരായിരിക്കണം.

## 2. അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ

**ഒഴിവുകളുടെ എണ്ണം : ആകെ – 28**

ജില്ലതിരിച്ചുള്ള അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ.നം | ജില്ല | അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികകളുടെ എണ്ണം |
|---|---|---|
| 1. | കൊല്ലം | 1 |
| 2. | പത്തനംതിട്ട | 1 |
| 3. | ആലപ്പുഴ | 1 |
| 4. | കോട്ടയം | 1 |
| 5. | ഇടുക്കി | 3 |
| 6. | എറണാകുളം | 1 |
| 7. | തൃശ്ശൂർ | 1 |
| 8. | പാലക്കാട് | 4 |
| 9. | മലപ്പുറം | 4 |
| 10. | കോഴിക്കോട് | 4 |
| 11. | വയനാട് | 2 |
| 12. | കണ്ണൂർ | 4 |
| 13. | കാസർഗോഡ് | 1 |
| ആകെ | | 28 |

**ശമ്പള സ്കെയിൽ** : **37400–79000** (അംഗീകൃത ശമ്പള സ്കെയിലിന് മുകളിലുള്ള ജീവനക്കാർ അപേക്ഷിക്കേണ്ടതില്ല).

**യോഗ്യത :**

- അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ബിരുദം ഉള്ളവരായിരിക്കണം. ബിരുദാനന്തര ബിരുദം നേടിയവർക്ക് മുൻഗണന.
- കംപ്യൂട്ടറിൽ പ്രായോഗിക പരിജ്ഞാനം ഉണ്ടായിരിക്കണം.
- സർക്കാർ /അർദ്ധസർക്കാർ/കേന്ദ്രസർക്കാർ സർവ്വീസിലോ, പ്രമുഖ എൻ.ജി.ഒ.കളിലോ ചുരുങ്ങിയത് 5 വർഷത്തെ പ്രവൃത്തിപരിചയം ഉ

ണ്ടാകണം. നിലവിൽ സർക്കാർ സർവ്വീസിൽ സേവനമനുഷ്ഠിക്കുന്നവരായിരിക്കണം.

- അപേക്ഷകർ 01/01/2023 ന് 50 വയസ്സിന് താഴെയുള്ളവരായിരിക്കണം.

**3. ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ്**

**ഒഴിവുകളുടെ എണ്ണം : ആകെ 10**

| ക്രമ നം. | സംസ്ഥാന മിഷൻ / ജില്ലാ മിഷൻ | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1. | കോട്ടയം | 2 |
| 2. | ഇടുക്കി | 2 |
| 3. | തൃശൂർ | 2 |
| 4. | കണ്ണൂർ | 1 |
| 5. | കാസറഗോഡ് | 3 |
| | ആകെ | 10 |

**ശമ്പള സ്കെയിൽ : 26500–60700** (അംഗീകൃത ശമ്പള സ്കെയിലിന് മുകളിലുള്ള ജീവനക്കാർ അപേക്ഷിക്കേണ്ടതില്ല).

**യോഗ്യത**

- അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദം.
- മൈക്രോസോഫ്റ്റ് വേഡ്, എക്സൽ, പവ്വർപോയിന്റ് തുടങ്ങിയവയിൽ പരിജ്ഞാനം ഉണ്ടായിരിക്കണം. ഇംഗ്ലീഷ് / മലയാളം ടൈപ്പ് ചെയ്യുന്നതിന് അറിവുണ്ടാകണം.
- ക്ലറിക്കൽ ജോലിയിൽ 2 വർഷത്തെ പ്രവൃത്തിപരിചയം ഉണ്ടാകണം.
- അപേക്ഷകർ 01/01/2023 ന് 50 വയസ്സിന് താഴെയുള്ളവരായിരിക്കണം.

**അപേക്ഷകൾ അയയ്ക്കേണ്ട വിലാസം** : എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, ട്രിഡ ബിൽഡിംഗ്, ചാലക്കുഴി ലെയിൻ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം-695011. ഇ-മെയിൽ :- kudumbashree1@gmail.com

**അപേക്ഷ ലഭിക്കേണ്ട അവസാന തീയതി** : 25/02/2023 വൈകുന്നേരം 5.00 മണി

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
(കുടുംബശ്രീ)

അംഗീകാരത്തോടെ,

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ